P.R. No.144/2026 Thrissur, 30/07/2026

## പത്രക്കുറിപ്പ്

# പൊതുജനാരോഗ്യ ബോധവൽക്കരണത്തിനായി സമർപ്പിത യൂട്യൂബ് ചാനലുമായി കേരള ആരോഗ്യശാസ്ത്ര സർവകലാശാല

തൃശ്ശൂർ: പൊതുജനാരോഗ്യ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും ആരോഗ്യസംബന്ധിയായ വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി കേരള ആരോഗ്യശാസ്ത്ര സർവകലാശാല യൂട്യൂബ് ചാനൽ ആരംഭിക്കുന്നു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയും കേരള ആരോഗ്യശാസ്ത്ര സർവകലാശാല പ്രോ ചാൻസലറുമായ ശ്രീ കെ. മുരളീധരൻ ജൂലൈ 31-ന് ചാനലിന്റെ സ്വിച്ച് ഓൺ കർമം നിർവഹിക്കും.

സർവകലാശാലയുടെ നിലവിലുള്ള ഔദ്യോഗിക യൂട്യൂബ് ചാനൽ പ്രധാനമായും അക്കാദമിക പ്രവർത്തനങ്ങൾ, ക്ലാസുകൾ, സർവകലാശാലാ പരിപാടികൾ എന്നിവയ്ക്കായാണ് ഉപയോഗിച്ചുവരുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി, പൊതുജനാരോഗ്യ ബോധവൽക്കരണത്തിന് മാത്രമായി രൂപകൽപന ചെയ്തിരിക്കുന്ന പുതിയ യൂട്യൂബ് ചാനലിലൂടെ ആരോഗ്യവിദഗ്ധരുമായുള്ള അഭിമുഖങ്ങൾ, വിദഗ്ധ പ്രഭാഷണങ്ങൾ, ആരോഗ്യസംവാദങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ എന്നിവ പ്രക്ഷേപണം ചെയ്യും.

അക്കാദമിക മികവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം സമൂഹത്തോടുള്ള സർവകലാശാലയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സംരംഭം നടപ്പാക്കുന്നതെന്ന് കേരള ആരോഗ്യശാസ്ത്ര സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ പറഞ്ഞു. രോഗങ്ങൾ, ചികിത്സാരീതികൾ, പ്രതിരോധ മാർഗങ്ങൾ എന്നിവ സംബന്ധിച്ച് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന തെറ്റായ വിവരങ്ങളും ശാസ്ത്രീയ അടിസ്ഥാനമില്ലാത്ത പ്രചാരണങ്ങളും തിരുത്തി വിശ്വാസ്യതയുള്ള ശാസ്ത്രീയമായ ആരോഗ്യവിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ചാനലിന്റെ പ്രധാന ലക്ഷ്യം, അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വിവിധ ആരോഗ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പരിപാടികളാണ് ചാനലിലൂടെ ലഭ്യമാക്കുക. ആരോഗ്യരംഗത്തെ തെറ്റിദ്ധാരണകൾ ശാസ്ത്രീയമായി വിശദീകരിക്കുന്ന

വീഡിയോകൾ, പകർച്ചവ്യാധി വ്യാപന സാഹചര്യങ്ങളിലെ അടിയന്തര ആരോഗ്യ മാർഗനിർദേശങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിദഗ്ധ വിശദീകരണങ്ങൾ, മാനസികാരോഗ്യ പരിപോഷണ പരിപാടികൾ, ജീവിതശൈലീരോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ബോധവൽക്കരണ ക്ലാസുകൾ, മാതൃ-ശിശു ആരോഗ്യം, പോഷകാഹാരം, പൊതുജനാരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട സമകാലിക വിഷയങ്ങൾ എന്നിവ ചാനലിൽ ഉൾപ്പെടുത്തും.

സർവകലാശാലയുടെ അത്യാധുനിക ഇ-ലേണിംഗ് സ്റ്റുഡിയോയിൽ ചിത്രീകരിക്കുന്ന പരിപാടികൾ ആരോഗ്യവിദഗ്ധർ, അധ്യാപകർ, ഗവേഷകർ, പൊതുജനാരോഗ്യ രംഗത്തെ പ്രമുഖർ എന്നിവരുടെ നേതൃത്വത്തിലായിരിക്കും അവതരിപ്പിക്കുക. ശാസ്ത്രീയമായി സ്ഥിരീകരിച്ച ആരോഗ്യവിവരങ്ങൾ കൃത്യമായും സമയബന്ധിതമായും പൊതുസമൂഹത്തിന് ലഭ്യമാക്കുന്ന വിശ്വാസ്യതയുള്ള ഡിജിറ്റൽ ആരോഗ്യവിജ്ഞാന വേദിയായി ഈ യൂട്യൂബ് ചാനൽ പ്രവർത്തിക്കും. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ സാക്ഷരത വർധിപ്പിക്കുന്നതിലും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിലും പൊതുജനാരോഗ്യ സംരക്ഷണത്തിലും സർവകലാശാലയുടെ സുപ്രധാന ഇടപെടലായിരിക്കും ഈ പുതിയ സംരംഭം.

Sd/-

Registrar